(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുമാരപിള്ള കമ്മീഷൻ ആനുകൂല്യം

*3 [385] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികൾക്ക് നൽകിവരുന്ന കുമാരപിള്ള കമ്മീഷൻ ആനുകൂല്യം കൃത്യമായി നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആനുകൂല്യം യഥാസമയം വിദ്യാഭ്യാസ അധികൃതർവഴി നൽകുവാനും വിദ്യാർത്ഥികൾക്ക് ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ;

(സി) 2004 അദ്ധ്യയനവർഷത്തിലെ പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പിന്നോക്ക പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) ആനുകൂല്യം നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകാൻ കഴിയാതെവന്നത്.

പരിസ്ഥിതിപ്രശ്നങ്ങളെ സംബന്ധിച്ച് ശാസ്ത്രീയപഠനം

*4 [386] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന പരിസ്ഥിതിപ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് പഠനങ്ങൾ നടത്താൻ പരിസ്ഥിതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ പരിസ്ഥിതിപ്രശ്നങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി, പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് ഒരു പുതിയ നയരൂപീകരണം നടത്താൻ സർക്കാർ തയ്യാറാകുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) കേരളത്തിലെ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ഗവേഷണ സ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്.

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പരിസ്ഥിതിപഠനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ചില പദ്ധതികൾ നടപ്പിൽ വരുത്തുന്നുണ്ട്. അതിൽ പരിസ്ഥിതിപ്രശ്നങ്ങളെ സംബന്ധിച്ച് ഏറ്റവും പ്രധാനമായിട്ടുള്ളത് ഇക്കോളജി ആന്റ് എൻവയോൺമെന്റ് സ്കീം ആണ്. ഈ പദ്ധതിക്ക് 2004-2005 സാമ്പത്തികവർഷം 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പരിസ്ഥിതിസംബന്ധമായ പ്രശ്നങ്ങളുടെ പഠനത്തിന് വിദഗ്ദ്ധസമിതിയുടെ നേതൃത്വത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ കൗൺസിലിൽ നിലവിലുള്ള ശാസ്ത്രഗവേഷണ ഫണ്ടും പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്. പരിസ്ഥിതിസംബന്ധമായ വിഷയങ്ങളിൽ സെമിനാർ, പ്രവൃത്തിമേള, സിമ്പോസിയം, പരിശീലനം തുടങ്ങിയവ കൗൺസിലിന്റെ മാനദണ്ഡങ്ങളനുസരിച്ച് സാമ്പത്തികസഹായങ്ങൾ അംഗീകൃത ഏജൻസികൾക്ക് നൽകി വരുന്നു. കൂടാതെ വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ദേശീയ പരിസ്ഥിതി ബോധവൽക്കരണ കാമ്പയിൻ, ദേശീയ ഹരിത സേനപദ്ധതി എന്നിവയും ശാസ്താംകോട്ട, അഷ്ടമുടി, കോട്ടുളി തുടങ്ങിയ തണ്ണീർത്തട സംരക്ഷണ പദ്ധതികളും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. കൂടാതെ, ഒരു സ്റ്റേറ്റ് ഓഫ് എൻവയൺമെന്റ് റിപ്പോർട്ടും (SoER) ഇദംപ്രഥമമായി തയ്യാറാക്കിവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് ഒരു കരടു പരിസ്ഥിതിനയം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ദേശീയ പരിസ്ഥിതിനയം പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാന പരിസ്ഥിതിനയത്തിന് അന്തിമരൂപം നൽകുന്നതാണ്.

സാംക്രമികരോഗങ്ങളുടെ തിരിച്ചുവരവിനെതിരെ നടപടി

*5 [387] *ശ്രീമതി മേഴ്സി രവി:*
ശ്രീ എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly